നുണ്ട്. ഏറ്റവും ഉയർന്നുനിൽക്കുന്ന, സാമ്പത്തികമായി മുന്നോട്ടു നിൽക്കുന്ന ആളുകളെ മാത്രം സഹായിക്കാനല്ല ഉദ്ദേശിക്കുന്നത്. പാവപ്പെട്ട ആളുകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കാൻ വേണ്ടിയാണ് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്.

ഡോ. എം.എ. കുട്ടപ്പൻ : കോർപ്പറേഷനിൽ സമരം ഉണ്ടായപ്പോൾ ഗവണ്മെന്റ് എടുത്ത നിലപാട് എന്താണ്? കോർപ്പറേഷൻ ലാഭമുണ്ടാക്കിയിട്ട് അതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് കൊടുക്കാൻ തീരുമാനിച്ചു. എനിക്കറിയേണ്ടത് ഈ സ്ഥാപനം വാണിജ്യ സ്ഥാപനമാണോ അതോ സേവനം നൽകുന്ന സ്ഥാപനമാണോ; എന്താണീ സ്ഥാപനമെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. രാധാകൃഷ്ണൻ : സേവനം നടത്തുന്ന സ്ഥാപനം തന്നെയാണിത്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ബോണസ്സും മറ്റ് കാര്യങ്ങളും കൊടുക്കുന്നത്. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി അതിന്റെ അരിയേഴ്സ് കൊടുത്തുതീർക്കാൻ വേണ്ടിയാണ് പറഞ്ഞത്. കോർപ്പറേഷൻ കൂടുതൽ ലാഭത്തിലെത്തുന്ന സന്ദർഭത്തിലാണ് അരിയേഴ്സ് കൊടുക്കണമെന്ന് പറഞ്ഞത്. അതിനെ സംബന്ധിച്ചുള്ള തർക്കം വീണ്ടും വരികയും ഗവണ്മെന്റ് അത് സംബന്ധിച്ച് ചർച്ച നടത്തുകയും ആ പ്രശ്നം പരിഹരിക്കുകയും ചെയ്തു.

തോട്ടം തൊഴിലാളികളുടെ വേതനം

5 (*624) ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(സി) ഓരോ ഇനം തോട്ടങ്ങളിലേയും തൊഴിലാളികളുടെ നിലവിൽ ഉണ്ടായിരുന്ന വേതനവും പുതുക്കിയ വേതനവും എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്. 1.4.1999 മുതൽ.

(സി) തേയിലത്തോട്ടങ്ങളിലും ഏലം തോട്ടങ്ങളിലും നിലവിലുണ്ടായിരുന്ന അടിസ്ഥാന ശമ്പളത്തിൽ 6.47 രൂപയുടെ വർദ്ധനവ് പുതുക്കിയ കരാറനുസരിച്ച് ലഭിക്കും. കാപ്പിത്തോട്ടങ്ങളിൽ നിലവിലുള്ള അടിസ്ഥാന ശമ്പളത്തിൽ 6.17 രൂപയുടെ വർദ്ധനവ് ലഭിക്കും. റബ്ബർ തോട്ടങ്ങളിൽ നിലവിലുള്ള വേതനത്തിൽ 6 രൂപ വർദ്ധനവായി ലഭിക്കും. ഓരോ കാറ്റഗറി തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളികളുടേയും നിലവിലുണ്ടായിരുന്ന വേതനവും പുതുക്കിയ അടിസ്ഥാന വേതനവും അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധമായി† ചേർത്തിരിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ് വേതനക്കരാർ. അത് മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കിയെന്ന് പറഞ്ഞു. ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കാമെന്ന് ഗവണ്മെന്റ് വാഗ്ദാനം ചെയ്തിരുന്നതാണ്. അതിനാവശ്യമായ നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി എടുക്കാൻ മുൻകൈ എടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾ തോട്ടം തൊഴിലാളികളുടെ വേതനത്തിൽ വന്നിട്ടുള്ള മാറ്റം കേരളത്തിൽ ഇതിനു മുൻപുണ്ടായിരുന്ന ഏത് ഗവണ്മെന്റിന്റെ കാലത്തും ലഭിച്ചതിനേക്കാൾ കൂടുതലാണ്. എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും പാർട്ടി ഭേദമന്യേ കക്ഷിഭേദമെന്യേ സമ്മേളനംകഴിഞ്ഞ് ഇതിനെ പ്രശംസിക്കുകയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ചെറുകിട തോട്ടം തൊഴിലാളികളെ സംബന്ധിച്ച് ഒരു ക്ഷേമനിധി ബിൽ മന്ത്രിസഭ അംഗീകരിച്ചതാണ്. കഴിഞ്ഞ നിയമസഭാസമ്മേളന സമയത്ത് തന്നെ ഇത് നിയമസഭ പാസ്സാക്കാൻവേണ്ടി പബ്ലിഷ് ചെയ്തിട്ടുണ്ട്. നിയമസഭയുടെ ഡേറ്റ് സൗകര്യപ്പെടുത്തി തോട്ടംതൊഴിലാളിക്ഷേമനിധി ബിൽ പാസ്സാക്കി എടുക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം

6 (*625)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർമുക്കം ബണ്ടിന്റെ ഒറിജിനൽ ഡ്രായിംഗ് പ്രകാരം എത്ര ഷട്ടറുകളാണ് വേണ്ടിയിരുന്നത്; ഇപ്പോൾ എത്ര ഷട്ടറുകളുണ്ട്;

(ബി) ഇതിന്റെ സ്കീമനുസരിച്ച് എത്ര ഷട്ടറുകൾ തുടർച്ചയായി തുറന്നു വയ്ക്കുകയും അടച്ചിടുകയും ചെയ്യണമായിരുന്നു;

(സി) ഇപ്പോൾ എത്ര ഷട്ടറുകൾ തുടർച്ചയായി തുറന്നുവയ്ക്കുകയും അടച്ചിടുകയും ചെയ്യുന്നുണ്ട്;

(ഡി) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന്റെ ചുമതല ആർക്കാണ്;

(ഇ) ഇതിന് ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് എന്ന് അറിയിക്കുമോ;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

(28.3.2000-ത്തിലെ ചോദ്യം 3 (622)-ന്റെ മറുപടി ദയവായി കാണുക.)

ക്രമനമ്പർ	കാറ്റഗറി	ഭൂജലവികസനത്തിന്റെ തോത്	റിമാർക്ക്
1.	വൈറ്റ്	65 ശതമാനത്തിൽ കുറവ്	ഭൂജലവികസനം തുടരുന്നതിന് നിയന്ത്രണമില്ല.
2.	ഗ്രേ	65% മുതൽ 85% വരെ	നിയന്ത്രിതതോതിൽ വികസനം നടത്താം.
3.	ഡാർക്ക്	85%-ത്തിൽ കൂടുതൽ	വികസനം പാടില്ല.

ഇതനുസരിച്ച് ചിറയിൻകീഴ് ബ്ലോക്ക് 1997-ൽ ഡാർക്ക് കാറ്റഗറിയിലും കാസർഗോഡ്, മാള, കൊട്ടാരക്കര എന്നീ ബ്ലോക്കുകൾ ഗ്രേ കാറ്റഗറിയിലും എത്തിയതായി കണക്കാക്കുന്നു. മറ്റുള്ള ബ്ലോക്കുകൾ എല്ലാം വൈറ്റ് കാറ്റഗറിയിലും തുടരുന്നു.

അനുബന്ധം II

(28.3.2000-ത്തിലെ ചോദ്യം നമ്പർ 5 (*624)-ന്റെ മറുപടി ദയവായി കാണുക)

കേരളത്തിലെ തോട്ടം തൊഴിൽ മേഖലയിൽ നിലവിലുണ്ടായിരുന്നതും പുതുക്കി നിശ്ചയിച്ചതുമായ കൂലിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

തൊഴിലാളിയുടെ വിശദീകരണം	തേയില തോട്ടങ്ങൾ		കാപ്പിതോട്ടങ്ങൾ		ഏലതോട്ടങ്ങൾ		റബ്ബർ തോട്ടങ്ങൾ	
	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം
പ്രായപൂർത്തിയായ തൊഴിലാളികളുടെ വേതനം	28.25 രൂ	34.70 രൂ	28.25 രൂ.	34.42 രൂ	28.25 രൂ.	34.72രൂ	33.29 രൂ	39.29 രൂ
പ്രായപൂർത്തിയാകാത്ത തൊഴിലാളിയുടെ വേതനം	21.19 രൂ.	26.04 രൂ	21.19 രൂ.	25.82 രൂ.	21.19 രൂ.	26.04 രൂ.	24.98 രൂ.	29.47 രൂ.

അനുബന്ധം III

(28.3.2000-ത്തിലെ ചോദ്യംനമ്പർ 8 (*627)-ന്റെ ഉത്തരം ദയവായി കാണുക)

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി പട്ടികജാതി ക്ഷേമ ഉപദേശക സമിതി മുന്നോട്ടുവച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ.

. . . . .

1215/2010

LIBRARY ARCHIVES Kerala Legislative Assembly